# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കാവനൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: 9/2130/2025 കെ.എസ്.എ.എം.പി.എം.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/10/2025
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാവനൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം. 9/2130/2025 തീയ്യതി: 30/10/2025

# മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-12-2024 മുതൽ 21-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അശ്റഫ് പെരുംമ്പള്ളി, കെ എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2024 | 31-03-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-08-2025 | 02-09-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ. അബ്ദുൽ സത്താർ.സി. പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2.ശ്രീമതി. അസീന.എ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3.ശ്രീ. റഷീദ് വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

4.ശ്രീമതി. നിഷ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.വി ഉസ്മാൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. അനിൽകുമാർ ഡി | സെക്രട്ടറി | 01-04-2024 | 10-05-2024 |
| ശ്രീ. അനിൽകുമാർ ഡി | സെക്രട്ടറി | 27-05-2024 | 30-11-2024 |
| ശ്രീ. പുരുഷോത്തമൻ ടി.കെ | സെക്രട്ടറി | 01-12-2024 | 15-12-2024 |
| ശ്രീ. അനിൽകുമാർ ഡി | സെക്രട്ടറി | 16-12-2024 | 13-02-2025 |
| ശ്രീ. ഹരീഷ്.എം പി | സെക്രട്ടറി | 14-02-2025 | 31-03-2025 |
| ശ്രീമതി.കൗലത്ത് .ഇ.കെ | സെക്രട്ടറി | 11-05-2024 | 26-05-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.റംഷാദ് നാലകത്ത് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 25-04-2024 |
| ഡോ.സുനേന വി സി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 26-04-2024 | 31-03-2025 |
| ശ്രീമതി. ലിജിത . കെ.എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 10-08-2024 |
| ശ്രീമതി.മഹീദ പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 11-08-2024 | 31-03-2025 |
| ശ്രീമതി. നിത ടി ഇ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ. ബുഷ്റ ഒ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ശ്രീ.മനോജ് ലാൽ | സീനിയർ വെറ്ററിനറി സർജൻ | 01-04-2024 | 06-09-2024 |
| ശ്രീ. ബിജുബാൽ പി | സീനിയർ വെറ്ററിനറി സർജൻ | 07-09-2024 | 31-03-2025 |
| ശ്രീമതി.ലിനി ജി | കൃഷി ഓഫീസർ | 01-04-2024 | 30-04-2024 |
| ശ്രീമതി.നെസ്മിയ.കെ | കൃഷി ഓഫീസർ | 01-05-2024 | 02-06-2024 |
| ശ്രീമതി.ലിനി ജി | കൃഷി ഓഫീസർ | 03-06-2024 | 31-03-2025 |
| ശ്രീമതി. സനീജ പി | വി ഇ ഒ | 01-04-2024 | 31-03-2025 |
| ശ്രീമതി. നശാത്ത് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി.കൗലത്ത് .ഇ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 04-10-2024 |
| ശ്രീ.മുഹമ്മദ് അലി | അസിസ്റ്റന്റ് സെക്രട്ടറി | 05-10-2024 | 16-10-2024 |
| ശ്രീ. പുരുഷോത്തമൻ ടി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 17-10-2024 | 29-01-2025 |
| ശ്രീ.മുഹമ്മദ് അലി | അസിസ്റ്റന്റ് സെക്രട്ടറി | 30-01-2025 | 12-02-2025 |
| ശ്രീ. ഹരീഷ്.എം പി | അസിസ്റ്റന്റ് സെക്രട്ടറി | 13-02-2025 | 31-03-2025 |
| ശ്രീ. അബ്ദുൾ അസീസ് | ഹെഡ് മാസ്റ്റർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-1 |
| 3 | അനുപാതങ്ങൾ, താരതമ്യ തുകകൾ എന്നിവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്ററിലെ തുക വ്യത്യാസം | 1-1-3 |
| 5 | ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | റെന്റ് ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം. | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം. | 1-11 |
| 17 | ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ | 1-12 |
| 18 | സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു. | 1-13 |
| 19 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-14 |
| 20 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു- ചട്ട ലംഘനം, വസ്തു നികുതി നഷ്ടം. | 1-15 |
| 21 | പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചു. | 1-16 |
| 22 | തൊഴിൽ നികുതി -അപാകതകൾ | 1-17 |
| 23 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു. | 1-18 |
| 24 | കെട്ടിടങ്ങൾക്ക് പൂർണ്ണമായും പരിഷ്കരിച്ച നിരക്കിൽ നികുതി ചുമത്തുന്നില്ല | 1-19 |
| 25 | കെട്ടിട നിർമ്മാണ ക്രമവത്കരണം - അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു | 1-20 |
| 26 | കറന്റ് അക്കൗണ്ടിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കുന്നതിനാൽ വരുമാന നഷ്ടം. | 1-21 |
| 27 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ - അപാകതകൾ. | 1-22 |
| 28 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലേക്ക് മുൻകൂറായി തുക അടവാക്കൽ - വിനിയോഗ / പൂർത്തീകരണ വിവരം ലഭ്യമായില്ല. | 1-23 |
| 29 | എം.സി.എഫിലേക്ക് ത്രീ ഫേസ് കണക്ഷൻ - കെ എസ് ഇ ബി യിൽ തുക മുൻകൂർ നിക്ഷേപിച്ചു - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമായില്ല. | 1-24 |
| 30 | എസ്.എസ്.കെ വിഹിതം നൽകൽ - മാർഗ്ഗ രേഖ നിർദ്ദേശിക്കും പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-25 |

| | | |
|---|---|---|
| 31 | ഗവ.എൽ.പി, യു.പി സ്കൂളുകളിൽ സൗണ്ട് സിസ്റ്റം, മൈക്ക് സെറ്റ് എന്നിവ ഒരുക്കൽ - ജി.എസ്.ടി യുടെ TDS ചെയ്തില്ല. | 1-26 |
| 32 | ആർട്ട്കോ മുഖേന ഫർണ്ണീച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-27 |
| 33 | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി- വാഹന വാടകയിന്മേൽ ആദായ നികുതി ഈടാക്കിയിട്ടില്ല. | 1-28 |
| 34 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-29 |
| 35 | "VEELS" വെബ്സൈറ്റിൽ വാഹനങ്ങളുടെ ചെലവ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടില്ല. | 1-30 |
| 36 | സോക്ക് പിറ്റ് നിർമ്മാണം - മണ്ണ് നീക്കം ചെയ്തതിന് തെറ്റായ നിരക്ക് നൽകി | 1-31 |
| 37 | അസിസ്റ്റന്റ് എഞ്ചിനീയറുടെ TSB അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടവാക്കിയിട്ടില്ല | 1-32 |
| 38 | മരാമത്ത് പ്രവൃത്തികളിൽ ഈടാക്കേണ്ട പിഴ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കി | 1-33-1 |
| 39 | കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയില്ല | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ /വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**I)** കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് കാവന്നൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21.07.2025 ലെ 1(1) നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി **26.07.2025** തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള കാവന്നൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

**Ii)**C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണ്ണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**Iii)** എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കാവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31/03/2025 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടേയും 31/03/2025 ലെ സാമ്പത്തിക നിലയുടേയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി: 30/10/2025.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

വാർഷിക കണക്കുമായി ഒത്തു നോക്കാവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയത് കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി(ഓഡിറ്റ് എൻക്വയറി 13/26.08.25)

## 1-1-2 അനുപാതങ്ങൾ, താരതമ്യ തുകകൾ എന്നിവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും അത്തരത്തിൽ നിർദ്ദേശം അക്കൗണ്ടന്റിന് നല്കിയിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമാക്കി (ഓഡിറ്റ് എൻക്വയറി 13/26.08.25)

## 1-1-3 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase/(Decrease) In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും(-2142101) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (74960594) തുല്യമല്ല.വാർഷിക ധനകാര്യ പത്രിക സിസ്റ്റം ജനറേറ്റഡ് റിപ്പോർട്ടുകളായതിനാൽ തിരുത്തലിന് സാധിക്കില്ലെന്നും ഐ കെ എം ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. (13/26.08.25)

## 1-1-4 ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കിലെ RP-40(B) പ്രകാരം കാനറ ബാങ്ക് ആശ്രയ (855101056618) അക്കൗണ്ടിൽ 32,648 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബന്ധപ്പെട്ട ബാങ്ക് പാസ്സ് ബുക്ക് / സ്റ്റേറ്റ്മെന്റ് കാലികമാക്കി ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ തുകയുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ആയതുമായി ബന്ധപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 13/ 2024-25, 26.08.2025) മറുപടി ലഭ്യമാക്കിയെങ്കിലും തുകയുടെ കൃത്യത വ്യക്തമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-5 റെന്റ് ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു.

മുൻ വർഷ ബാലൻസ് ഷീറ്റിലെ B-15 പ്രകാരം 89,970/- രൂപ റെന്റ് ഇനത്തിൽ കുടിശ്ശികയുണ്ട്. ഓഡിറ്റ് വർഷത്തെ RP- 45 പ്രകാരം തൻവർഷം 19,345/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ തൻ വർഷ ബാലൻസ് ഷീറ്റിൽ B-15 പ്രകാരം 36,295/- രൂപ മാത്രമേ ഈയിനത്തിൽ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളൂ. വ്യത്യാസമുള്ള 34,330/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

| 2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 01/1 09-02-2024 | 02/27-02-2025 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 65682448 |
| വരവ് | 102368596 |
| ആകെ | 168051044 |
| ചെലവ് | 104510697 |
| നീക്കിയിരിപ്പ് | 63540347 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 29758714 | 29758714 | 25975746 | 3782968 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9395984 | 9395984 | 8965106 | 430878 |
| വികസനഫണ്ട് (ടി.എസ്.പി) | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 38735000 | 38735000 | 33271513 | 5463487 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 15486000 | 15486000 | 8392924 | 7093076 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 15242110 | 15242110 | 5387778 | 9854332 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 5506435 | 5506435 | 4510058 | 996377 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 392 | 260647814 | 322 | 126682019 | 21 | 49 | 82.14 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1283531 | 1283531 | 1283531 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 24807005 | 24807005 | 24807005 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 6920000 | 433 |
| വിധവാപെൻഷൻ | 17620000 | 35 |
| വാർദ്ധക്യകാലപെൻഷൻ | 35247400 | 172 |
| വികലാംഗപെൻഷൻ | 7499900 | 30 |
| വിവാഹ ധനസഹായം | 300000 | 10 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 602800 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.08.2025 ന് 3:20 Pm മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 267/- രൂപയുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തര നിയന്ത്രണം.

1). വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല. അത് കൊണ്ട് തന്നെ പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമല്ല.
2). തെരുവ് വിളക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പരാതി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റം രജിസ്റ്റർ എന്നിവ കുറ്റമറ്റ രീതിയിൽ പരിപാലിച്ചിട്ടില്ല.
3). ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-11-2022 | 5/2022 മുതൽ 10/2022 വരെ | 18-11-2022 |
| എ.ജി ഓഡിറ്റ് | 06.11.2013 | 2008-09 മുതൽ 2012-13 വരെ | 26.12.2013 |

## 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഗ്രാമപഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക അനുവദിക്കുന്നത്. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി കാവനൂർ ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

2021-22 മുതൽ നാളിതു വരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം.

| വർഷം. | സ്കീം-1 | സ്കീം-3 | സ്കീം-4 | ആകെ. |
|---|---|---|---|---|
| 2021-22 | Nil. | Nil. | Nil. | Nil. |
| 2022-23 | Nil. | 293019 | 160000. | 453019 |

| | | | | |
|---|---|---|---|---|
| 2023-24 | 2775000 | 1159000 | 471000 | 4405000 |
| 2024-25 | Nil. | 484000 | 749000 | 1233000 |
| **ആകെ** | **2775000** | **1936019** | **1380000** | **6091019** |

<u>ഓരോ സ്കീമിലും നാളിതു വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ.</u>

| വർഷം. | സ്കീം-1 Health Grant Towards Buildingless Subcenters, PHCs & CHCs | സ്കീം-3 Health Grant Towards Support For Diagnostic Infrastructure To The PHCs | സ്കീം-4 Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ. |
|---|---|---|---|---|
| 2021-22 | Nil | Nil | Nil | Nil |
| 2022-23 | Nil | 42047 | 111337 | 153384 |
| 2023-24 | 2775000 | 407389 | 156491 | 3338880 |
| 2024-25 | Nil | 984233 | 363172 | 1347405 |
| **ആകെ** | **2775000** | **1433669** | **631000** | **4839669** |

<u>3). ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ).</u>

| വർഷം. | സ്കീം -1. | സ്കീം - 3. | സ്കീം - 4. | ആകെ. |
|---|---|---|---|---|
| 2021-22 | - | - | - | - |
| 2022-23 | | 297926 | 38099 | 336025 |
| 2023-24 | 2814519 | 1027871 | 372816 | 4215206 |
| 2024-25 | 103783 (പലിശ മാത്രം). | 553885 (പലിശ 51535 ഉൾപ്പെടെ). | 766129 (പലിശ 17129 ഉൾപ്പെടെ). | 1423797 |

<u>നാളിതു വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം.</u>

| വർഷം. | പ്രോജക്ട് നം. | പദ്ധതിയുടെ പേര്. | ചെലവ് തുക. | റിമാർക്സ്. |
|---|---|---|---|---|
| 2022-23 | 305/23 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ. | 111337 | |
| | 306/23 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | 42047 | |
| 2023-24 | 312/24 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | 250972 | |
| | 313/24 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ. | 48663 | |
| | 376/24 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | 156417 | |
| | 377/24 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ. | 107828 | |
| 2024-25 | 368/25 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | 984233 | |
| | 369/25 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് | 363172 | |

| | | | | |
|---|---|---|---|---|
| | | & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ. | | |
| ആകെ. | | | 2064669 | |

ഗ്രാന്റ് വിനിയോഗ പുരോഗതി/ ഫലപ്രാപ്തി.

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടത്തിയ പ്രോജക്ടുകൾ പൊതുവെ തൃപ്തികരമായി നടപ്പാക്കിയിട്ടുണ്ട്.

## 1-12 ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ

കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024 ഓടുകൂടി കുടിവെള്ള കണക്ഷൻ നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാറുകൾ 50:50 നിരക്കിൽ ഫണ്ട് ഉപയോഗിച്ചുകൊണ്ട് സംയുക്തമായി നടപ്പിലാക്കുന്നതാണ് ജൽജീവൻ മിഷൻ പദ്ധതി. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15% വും ഗുണഭോക്തൃ വിഹിതം 10% ആണെന്ന് നിശ്ചയിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിന്റെ ജൽജീവൻ മിഷൻ പദ്ധതിയുടെ ഫണ്ട് വിനിയോഗ വിവരം താഴെ കൊടുക്കുന്നു. പരിശോധനക്ക് ലഭ്യമായ രേഖകൾ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.02/24-25/23.08.2025) മറുപടി എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്.

1) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായ 15% തുക അടവാക്കിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച 20.02.2025ലെ KWA-JB/1200/2025F1(A) നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ കാവനൂർ ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ആകെ പദ്ധതി ചെലവിന്റെ 15% തുകയായ 139.18ലക്ഷം രൂപ പഞ്ചായത്ത് വിഹിതമായി വാട്ടർ അതോറിറ്റിയിൽ ഒടുക്ക് വരുത്തുന്നതിന് (LSGD/JD/MPM/1696/202-G4/17.05.2025) തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.

2) ജൽജീവൻ മിഷൻ പദ്ധതിക്കായി കാവനൂർ ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായി പ്രോജക്ട് കോസ്റ്റിന്റെ 15% എല്ലാ ഗ്രാമപഞ്ചായത്തുകളും വകയിരുത്തേണ്ടതാണെന്നും ആയതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും ബജറ്റിൽ തുക വകയിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ആയതി വകയിരുത്തിയിട്ടില്ല.

കാവനൂർ ഗ്രാമപഞ്ചായത്തിൽ ജലസേചന വകുപ്പ് ആരംഭിച്ച ജലവിതരണ പദ്ധതി പൂർത്തീകരിക്കാനിരിക്കെ ജൽജീവൻ പദ്ധതി വരികയും ആയതുമായി ബന്ധിപ്പിക്കുകയും ഏകദേശം 6000ത്തോളം വീടുകൾക്ക് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിക്കാനിരിക്കെ വാട്ടർ അതോറിറ്റിയുടെ ജലസംഭരണി സ്ഥിതി ചെയ്യുന്ന കാരാപറമ്പ് കിളിക്കല്ലിൽ നിന്നും ജലം കൊണ്ടുപോകുന്ന മെയിൻ പൈപ്പ് ലൈൻ മെയിൻ റോഡിന്റെ വർക്ക് നടക്കുന്നതിനെ തകരാറിലാവുകയും ആയത് റിപ്പയർ ചെയ്യുന്നതിനായി റോഡ് പണിയുടെ കരാറുകാരെ അറിയിച്ചെങ്കിലും/സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്തിയെങ്കിലും നാളിതുവരെ പുനസ്ഥാപിച്ചിട്ടില്ലെന്നും ആയതിനാൽ ജൽ ജീവൻ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നും, തകരാറിലായ പൈപ്പ് റിപ്പയർ ചെയ്ത് വെള്ളം വിതരണം നടത്തിയെങ്കിൽ മാത്രമേ പഞ്ചായത്ത് വിഹിതം അടവാക്കുന്നതിന് തുക വകയിരുത്തുകയുള്ളൂ എന്ന് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്.

തകരാറിലായ പൈപ്പ് റിപ്പയർ ചെയ്ത് വെള്ളം വിതരണം ചെയ്യാൻ ജൽ ജീവന് കത്ത് നൽകുന്നതിനും തുടർന്ന് ജൽ ജീവൻ പദ്ധതി വിഹിതം നൽകുന്നതിന് 2025-26 വാർഷിക പദ്ധതിയിൽ തുക വകയിരുത്തുന്നതിനും ഭരണസമിതി (15.03.2025ലെ 10/01നമ്പർ) തീരുമാനിച്ചിട്ടുണ്ട്.

3) ഗുണഭോക്തൃ വിഹിതമിനത്തിൽ ഗ്രമപഞ്ചായത്ത് തുക പിരിച്ചെടുത്തിട്ടില്ല.

4) ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും നാളിതുവരെ ലഭിച്ച ഫണ്ട് ലഭിച്ചിട്ടില്ല.

ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ

ഫീസ് അടവാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവയുടെ രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | രജിസ്റ്റർ ചെയ്ത സാമ്പത്തിക വർഷം |
|---|---|---|
| 1 | ആലിഫ് അക്യുപങ്ചർ സെന്റർ | 2022-23 |
| 2 | ഏറനാട് മെഡിക്കൽസ് & ഡയഗണോസ്റ്റിക് സെന്റർ | 2022-23 |
| 3 | അമീൻ മെഡിക്കൽ സെന്റർ | 2022-23 |
| 4 | കാവനൂർ ദന്താശുപത്രി | 2022-23 |
| 5 | ജനനീതി മെഡിക്കൽ ലബോറട്ടറി | 2023-24 |
| 6 | റിവൈവ് ഡെന്റൽ ക്ലിനിക് | 2023-24 |
| 7 | ക്രൗൺ ഡെന്റൽ & ഫേഷ്യൽ ഏസ്തറ്റിക് സെന്റർ, കാവനൂർ | 2023-24 |

മേൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ഹാജരാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 4/ 2024-25, 23.08.2025) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തേണ്ടതും തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾ,വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ മറ്റ് സേവനങ്ങൾ (FTEAOS) ലൈസൻസ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 3, പട്ടിക 1 ലെ ഇനങ്ങൾ 142, 143 എന്നിവ പ്രകാരം (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 നോടൊപ്പം വായിക്കുക) സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവക്ക് പ്രവർത്തിക്കാൻ ലൈസൻസ് ആവശ്യമാണ്. ഗ്രാമ പഞ്ചായത്തിൽ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തേണ്ടതും തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് അനുബന്ധ വിവരങ്ങൾ കണ്ടെത്താനായില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | രജിസ്ട്രേഷൻ നമ്പർ |
|---|---|---|
| 1. | സെയിൻ ഡെന്റൽ ക്ലിനിക്, കാവനൂർ | 1/2024 |
| 2. | നാലകത്ത് ഹെൽത്ത് കെയർ | 2/2024 |
| 3. | സഹകരണ ഹെൽത്ത് കെയർ | 3/2024 |
| 4. | മൈക്രോ ക്ലിനിക്കൽ ലബോറട്ടറി | 4/2024 |
| 5. | ഡോക്ടേഴ്സ് ലാബ്, ഇരിവേറ്റി | 5/2024 |

മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 5/ 2024-25, 23.08.2025) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.ഗ്രാമ പഞ്ചായത്തിൽ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തേണ്ടതും തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു- ചട്ട ലംഘനം, വസ്തു നികുതി നഷ്ടം.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതി സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ, ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം

കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുനന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.
ലൈസൻസ് രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പ്രകാരം, 2024-25 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള ചില വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിനിയോഗ ഗണം തരം മാറ്റാതെ ഉപയോഗിക്കുന്നതായി കാണുന്നു.
ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നമ്പർ, തിയ്യതി | വാർഡ്/ കെട്ടിട നമ്പർ | വിനിയോഗ ഗണം |
|---|---|---|---|---|---|
| 1. | 294 | അലിഫ് ഫുഡ് കോർട്ട് | 400863/RPTL20/GPO/2024/3315, 06.06.2024 | 7/470 C | പാർപ്പിടം |
| 2. | 294 | അലിഫ് ഫുഡ് കോർട്ട് | 400863/RPTL20/GPO/2024/3315, 06.06.2024 | 7/470 D | No Building Found |
| 3. | 296 | സിബു മിനി മാർക്കറ്റ് | 400863/RPTL20/GPO/2024/3040, 07.06.2024 | 6/133 B | പാർപ്പിടം |
| 4. | 317 | ATS വാടക സ്റ്റോർ | 400863/RPTL19/GPO/2024/3234, 26.06.2024 | 1/194 A | No Building Found |
| 5. | 337 | മഠത്തിൽ കോഫീ ഹൗസ് & കൂൾബാർ | 400863/RPTL19/GPO/2024/3667, 19.07.2024 | 16/ 480 | പാർപ്പിടം |
| 6. | 350 | CT കുഴിമന്തി & റെസ്റ്റോറന്റ് | 400863/RPTL19/GPO/2024/4247, 17.08.2024 | 16/339 O | No Building Found |
| 7. | 361 | CBG CAR Care Villa, ചെങ്ങര | 400863/RPTL20/GPO/2024/5048, 28.09.2024 | 15/420 | പാർപ്പിടം |
| 8. | 417 | തണൽ, പൂക്കൊളത്തൂർ | 400863/RPTL20/GPO/2025/1448, 27.02.2025 | 4/214 E,F,G | പാർപ്പിടം |
| 9. | 429 | നെച്ചിക്കാടൻ സ്റ്റോർ | 400863/RPTL20/GPO/2024/4396, 24.08.2024 | 18/ 140 | പാർപ്പിടം |
| 10. | 463 | സരിത ഫുഡ് പ്രൊഡക്ട്സ് | 400863/RPTL20/GPO/2024/3088, 17.10.2024 | 17/125 | പാർപ്പിടം |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനങ്ങളുടേയും ഉപയോഗക്രമം പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 6/ 2024-25, 23.08.2025) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ , ഫോറം 1ൽ സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിനുമുമ്പായി 200 രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ചട്ടം 5 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ 50 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ലൈസൻസ്

അനുവദിക്കപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ മേൽ ചട്ടപ്രകാരമുള്ള പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | പീസ് ഹോമിയോപതിക് സ്പെഷ്യാലിറ്റി ക്ലിനിക് |
| 2. | ദയാസ് ഹോമിയോപതിക് സ്പെഷ്യാലിറ്റി ക്ലിനിക് |
| 3. | തണൽ, പൂക്കൊളത്തൂർ,പുൽപ്പറ്റ |

പാരാമെഡിക്കൽ രജിസ്ട്രേഷൻ കൂടാതെ ലൈസൻസ് അനുവദിച്ചതിനും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണവും കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയതിന്റെ വിശദാംശങ്ങളും ഹാജരാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 7/ 2024-25, 23.08.2025) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി -അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ,ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി അടവാക്കുന്നതുമായി, ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ ,ILGMS ലെ ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം | ലൈസൻസ് നമ്പർ, തിയ്യതി |
|---|---|---|---|---|
| 1. | 233 | മിന്നാസ് പെട്രോളിയം | 6 | 400863/RPTL20/GPO/2024/2474 01.04.2024 |
| 2. | 238 | പാലത്തിങ്ങൽ പെട്രോളിയം | 8 | 400863/RPTL20/GPO/2024/2511 27.05.2024 |
| 3. | 339 | ബ്ലൂമൂൺ ക്ലിനിക് | ലഭ്യമല്ല | 400863/RPHR01/2024/3172 27.05.2024 |
| 4. | 320 | ആമിനാസ് പെട്രോളിയം | 9 | 400863/RPTL19/GPO/2024/5831 23.05.2024 |

2. 2024-25 സാമ്പത്തിക വർഷത്തെ സ്കൂൾ ഫിറ്റ്നസ്സ് ഫയൽ, സഞ്ചയ ബിൽഡിംഗ് വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 1) മജ്മ പബ്ലിക് സ്കൂൾ, 2) ഐഡിയൽ സ്കൂൾ എന്നീ സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

3. 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 1) വള്ളുവനാട് ക്യാപിറ്റൽ ലിമിറ്റഡ് , 2) കാവനൂർ നിധി ലിമിറ്റഡ്, 3) വട്ടപറമ്പ് ക്ഷീര സഹകരണ സംഘം, 4) എളയൂർ ക്ഷീര സഹകരണ സംഘം, 5)ഡിസൈൻ വേൾഡ് കാവനൂർ എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

4. പഞ്ചായത്ത് പരിധിയിൽ തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, ഡോക്ടർമാർ, വൈദ്യൻമാർ, സ്വയം തൊഴിലിൽ ഏർപ്പെടുന്നവർ എന്നിവരുടെ ഡാറ്റാബേസ് തയ്യാറാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

5. ഈ പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തിയുടെ കരാർ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

6. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകളിൽ ( നയാര, , ഭാരത് പെട്രോളിയം, ഹിന്ദുസ്ഥാൻ പെട്രോളിയം ) നിന്നും ജീവനക്കാരുടേയും സ്ഥാപനത്തിന്റേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

7. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ, ലാബുകൾ , ക്ലിനിക്കുകൾ എന്നിവയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ

ഹാജരാക്കേണ്ടതാണ്.
മേൽ പരാമർശിച്ചത് പ്രകാരമുള്ള, കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ ആവശ്യപ്പെട്ട് വിവരങ്ങളുടെ കൃത്യത പരിശോധിച്ച് വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കാവുന്നതും സ്ഥാപനങ്ങൾ നിയമം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്താവുന്നതുമാണെന്നിരിക്കെ ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ആയത് ഈടാക്കി അറിയിക്കേണ്ടതുമാണ്.
ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 9/ 2024-25, 25.08.2025) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.2016ലെ 792455/ഇ.ഡബ്ല്യു.3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രീ പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണെന്നും, ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.
2024-25 സാമ്പത്തിക വർഷത്തെ സ്കൂൾ ഫിറ്റ്നസ്സ് ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർത്തിരിക്കുന്ന സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 10/ 2024-25, 25.08.2025) ക്രമ നമ്പർ 3 സ്കൂളിന് ഫിറ്റ്നസ്സ് അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കുകയും, ക്രമ നമ്പർ 1,2,4,5 എന്നീ സ്കൂളുകളിൽ നിന്നും ടി വർഷത്തിൽ ഫിറ്റ്നസ്സിനുള്ള അപേക്ഷ ലഭിക്കാത്തതിനാൽ ഫിറ്റ്നസ്സ് നൽകിയില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് |
|---|---|
| 1. | മജ്മ സെൻട്രൽ സ്കൂൾ |
| 2. | മജ്മ പബ്ലിക് സ്കൂൾ |
| 3. | ശിവ ശക്തി വിദ്യനികേതൻ |
| 4. | മജ്മ ബനാത്ത് ഓർഫനേജ് |
| 5. | ഐഡിയൽ സ്കൂൾ |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.2016ലെ 792455/ഇ.ഡബ്ല്യു.3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 കെട്ടിടങ്ങൾക്ക് പൂർണ്ണമായും പരിഷ്കരിച്ച നിരക്കിൽ നികുതി ചുമത്തുന്നില്ല

സർക്കാർ ഉത്തരവ്(അച്ചടി) നം. 25/2023/LSGD തിയതി. 05.04.2023, സർക്കർ ഉത്തരവ്(കൈ) നം. 77/2023/LSGD തിയതി. 22.03.2023, കാവനൂർ ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം നം. S3-3078/23/03.07.2023 എന്നിവ പ്രകാരമുള്ള പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ01.04.2023 തിയതി മുതൽ ഗ്രാമപഞ്ചായത്തിൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്.

എന്നാൽ നിലവിലും പല കെട്ടിടങ്ങളുടേയും നികുതി പരിഷ്കരിക്കാതെ പഴയ നിരക്കിൽ തന്നെയാണ് ഈടാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് 2023-24 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-19-ലും പരാമർശമുണ്ട്.

സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിട കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ പുതുക്കിയ നിരക്കായ 6 രൂപയിലേക്ക് മാറ്റി പുതുക്കി നിർണ്ണയിക്കേണ്ടതായിരുന്ന കെട്ടിടങ്ങളും, വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ പുതുക്കിയ നിരക്കായ 40 രൂപയിലേക്ക് മാറ്റി നിർണ്ണയിക്കേണ്ടതായിരുന്ന കെട്ടിടങ്ങളും ഇപ്പോഴും നികുതി പുതുക്കി നിർണ്ണയിക്കാതെ അവശേഷിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1). പാർപ്പിടാവശ്യം .

| ക്രമ നം | ഫയൽ നമ്പർ, തിയ്യതി. | കെട്ടിട നമ്പർ, ഉടമ | സഞ്ചയ പ്രകാരം നിലവിലെ നികുതി നിരക്ക് |
|---|---|---|---|
| 1 | S3-576/ 26.04.2022 | 19/236/B, ശ്രീ. അബ്ദുൽ ലത്തീഫ്, സൗദാബി. | 3 |
| 2 | S3-5724/28.09.2019 | 7/ 11 / A, ശ്രീ. അബ്ദുൽ ഷുക്കൂർ | 3 |
| 3 | S3-3337/14.09.2021 | 19/ 132 / A, ശ്രീമതി. റുക്കിയ & അത്തേഴ്സ് | 3 |
| 4 | 2895/ 27..06.2019 | 13/ 466/ B ശ്രീ. ഉണ്ണി മുഹമ്മദ് പൂവത്തി. | 3 |
| 5 | 2895/ 27..06.2019 | 13/ 466/ C ശ്രീ. ഉണ്ണി മുഹമ്മദ് പൂവത്തി. | 3 |
| 6 | 2895/ 27..06.2019 | 13/ 466/ D ശ്രീ. ഉണ്ണി മുഹമ്മദ് പൂവത്തി. | 3 |
| 7 | 2895/ 27..06.2019 | 13/ 466/ E ശ്രീ. ഉണ്ണി മുഹമ്മദ് പൂവത്തി. | 3 |
| 8 | 2389/ 18.10.2016 | 7/ 282/ Dശ്രീ. താനോളി സൈഫുദ്ദീൻ , ഷഹീറ. | 3 |
| 9 | S3-598/ 22.02.2022 | 10/ 252/ Eശ്രീ. മുഹമ്മദ് അമീൻ | 3 |
| 10 | S3-598/ 22.02.2022 | 10/ 252/ Dശ്രീ. മുഹമ്മദ് അമീൻ | 3 |

2). വാണിജ്യാവശ്യം.

| ക്രമ നം | കെട്ടിട നമ്പറിനായുള്ള/ കംപ്ലീഷൻ ഫയൽ തിയതി | കെട്ടിട നമ്പർ, ഉടമ | സഞ്ചയ പ്രകാരം നിലവിലെ നികുതി നിരക്ക് |
|---|---|---|---|
| 1 | S3-4660/ 23.11.2021 | 1/ 227/ A, ശ്രീ. അബൂബക്കർ | 30 |
| 2 | S3-4660/ 23.11.2021 | 1/ 227/ B ,ശ്രീ. അബൂബക്കർ | 30 |
| 3 | S3-4660/ 23.11.2021 | 1/ 227/ C ,ശ്രീ. അബൂബക്കർ | 30 |
| 4 | 1735/ 14.04.2015 | 3/ 328/B ശ്രീ. അബ്ദുൾ മനാഫ് | 30 |
| 5 | 1735/ 14.04.2015 | 3/ 328/C ശ്രീ. അബ്ദുൾ മനാഫ് | 30 |
| 6 | 1735/ 14.04.2015 | 3/ 328/D ശ്രീ. അബ്ദുൾ മനാഫ് | 30 |
| 7 | 1735/ 14.04.2015 | 3/ 328/E ശ്രീ. അബ്ദുൾ മനാഫ് | 30 |
| 8 | 5538/ 25.06.2016 | 6/ 174/ G ശ്രീ .സുനീർ | 30 |
| 9 | 5538/ 25.06.2016 | 6/ 174/ H ശ്രീ .സുനീർ | 30 |
| 10 | 5538/ 25.06.2016 | 6/ 174/ I ശ്രീ. സുനീർ | 30 |

യഥാസമയം ഡാറ്റ പ്യൂരിഫിക്കേഷൻ നടത്തി പുതിയ വസ്തു നികുതിയും കെട്ടിട വിവരങ്ങളും സഞ്ചയയിൽ ചേർക്കാതെ വന്നതാണ് അപാകതക്ക് കാരണമെന്ന് കാണുന്നു. അപാകതക്ക് മറുപടി ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 14/ 2024-25, 26.08.2025) മറുപടിയായി പുതുക്കിയ അടിസ്ഥാന വസ്തു നികുതി പരിഷ്ക്കരണം നിലവിൽ 8,9,11,14 വാർഡുകളിൽ പൂർത്തിയായിട്ടുള്ളതാണെന്നും അവശേഷിക്കുന്ന വാർഡുകളിൽ സഞ്ചയ, കെ-സ്മാർട്ട് സോഫ്റ്റ് വെയറുകളിൽ അനുമതി ലഭ്യമാകുന്ന മുറക്ക് നടത്തുന്നതാണെന്നും

അറിയിച്ചിട്ടുണ്ട്. എല്ലാ വാർഡുകളിലും പുതുക്കിയ അടിസ്ഥാന വസ്തു നികുതി പരിഷ്കരണം നടത്തി, ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 കെട്ടിട നിർമ്മാണ ക്രമവത്കരണം - അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു

2024-25 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ക്രമവത്കരണത്തിനായി അപേക്ഷിച്ച താഴെ പറയുന്ന ഫയലുകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു.. അപേക്ഷയിലെ അപാകതകൾ പരാമർശിച്ച് കൊണ്ട് നോട്ടീസ് അയക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. തുടർ നടപടി വിവരങ്ങൾ ലഭ്യമല്ല. അപേക്ഷ നിരസിക്കുകയാണെങ്കിൽ ഈ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടങ്ങൾ പൊളിച്ച് നീക്കുകയോ അപാകത പരിഹരിച്ച് നിർമ്മാണം ക്രമവത്കരിക്കുകയോ ചെയ്യുന്നത് വരെ UA നമ്പർ നൽകി മൂന്നിരട്ടി വസ്തുനികുതി ഈടാക്കേണ്ടതുമായിരുന്നു.

| ക്രമ നമ്പർ | കെട്ടിടയുടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റെ വിവരം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ശ്രീ.കുഞ്ഞവറാൻ കുട്ടി, അത്താണിക്കൽ ഹൗസ്, കാവനൂർ | വാണിജ്യം (211.85ച.മീ) | 24.06.2024 ന് അപാകതകൾ പരിഹരിച്ച് പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ അതിനു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-2688/24) |
| 2 | പുന്ന പ്രോപ്പർട്ടീസ്, ഹുസൈൻ ബാവ & ഹസീന | വാണിജ്യം (247.33ച.മീ) | 03.11.2024 ന് അപാകതകൾ പരിഹരിച്ച് പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ അതിനു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-3753/24) |
| 3 | ശ്രീ.അലവിക്കുട്ടി, മുബാറക്ക് മൻസിൽ , കാവനൂർ | വാസഗൃഹം (83.85ച.മീ) | 11.11.2024 ന് അപാകതകൾ പരിഹരിച്ച് പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടു . എന്നാൽ അതിനു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-3755/24) |
| 4 | ശ്രീമതി. സൈനബ , ദാറുസലാം , ചെമ്രക്കാട്ടൂർ | വാണിജ്യം (172.46ച.മീ) | 11.09.2024 ന് അപാകതകൾ പരിഹരിച്ച് പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടു . എന്നാൽ അതിനു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-3986/24) |
| 5 | ശ്രീ.മുഹമ്മദ് നൗഷാദ്, കവണഞ്ചേരി, കാവനൂർ | വാണിജ്യം (42.80ച.മീ) | 12.09.2024 ന് അപാകതകൾ പരിഹരിച്ച് അപേക്ഷകൻ പുന:സമർപ്പിച്ചിട്ടുണ്ടെങ്കിലും തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-4260/24) |
| 6 | ശ്രീ.അബൂബക്കർ, തലക്കോടൻ | വാസഗൃഹം (342.24ച.മീ) | 11.11.2024 ന് അപാകതകൾ പരിഹരിച്ച് |

| | | | |
|---|---|---|---|
| | ഹൗസ് , എളയൂർ | | പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടു . എന്നാൽ അതിനു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-4455/24) |
| 7 | ശ്രീ. ഷംസുദ്ദീൻ . കെ., പൂളക്കുന്നുമ്മൽ ഹൗസ്, എളയൂർ | വാസഗൃഹം (253.90ച.മീ) | 30.03.2025 ന് അപാകതകൾ പരിഹരിച്ച് പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടു . എന്നാൽ അതിനു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-5291 /24) |
| 8 | ശ്രീ.അക്ബർ അലി ചേലക്കോടൻ | വാസഗൃഹം (114.27ച.മീ) | 17.10.2024 ന് ഉടമ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അതിനു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-5415/24) |
| 9 | ശ്രീ. മേമക്കാടൻ കണ്ണൻകുട്ടി(ലേറ്റ്) മക്കൾ ഗോപി & അതേഴ്സ് . | വാസഗൃഹം (59.64ച.മീ) | അപേക്ഷയിൻമേൽ തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-5495/24) |
| 10 | ശ്രീമതി. നസീറ, വലിയതോട്, കാവനൂർ | വാസഗൃഹം (123.67ച.മീ) | 06.12.2024 ന് അപാകതകൾ പരിഹരിച്ച് പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടു . എന്നാൽ അതിനു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-5535/24) |
| 12. | ശ്രീമതി. പ്രസന്ന കുമാരി, കക്കോടി | വാണിജ്യം (21.37 ച.മീ) | 30.03.2025 ന് അപാകതകൾ പരിഹരിച്ച് പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടു . എന്നാൽ അതിനു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ- 6223/ 24) |
| 14. | ശ്രീ. അബ്ദുൽ ഹക്കീം , ചെങ്ങര | വാണിജ്യം (112.40ച.മീ) | 07.02.2025 ന് ഉടമ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അതിനു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-1057/ 25) |
| 15. | ശ്രീ. കുഞ്ഞി മുഹമ്മദ് ചേലത്തൊടി | വാസഗൃഹം (216.70 ച.മീ) | അപേക്ഷയിൻമേൽ തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-1131/ 25) |
| 16. | ശ്രീ. ഷിഹാബുദ്ദീൻ നീരൂട്ടിചാലി | വാണിജ്യം (163.84 ച.മീ) | 31.03.2025 ന് അപാകതകൾ പരിഹരിച്ച് പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടു . എന്നാൽ |

| | | | |
|---|---|---|---|
| | | | അതിനു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-1193/ 25) |

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 17/ 2024-25, 28.08.2025) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 7 ശ്രീ. ഷംസുദ്ദീൻ . കെ., പൂളക്കുന്നുമ്മൽ ഹൗസ്, എളയൂർ എന്നവർ 01.09.2025 തിയ്യതിയിൽ റെസീപ്റ്റ് നമ്പർ R-G100502-25002455 പ്രകാരം കെട്ടിടം ക്രമവത്കരിക്കുന്നതിനു വേണ്ടി 25,390/- രൂപ അടവാക്കിയിട്ടുണ്ട്. ക്രമ നമ്പർ 9, 11 എന്നിവർക്ക് യഥാക്രമം 10/166B, 8/105B എന്നീ കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെന്നും ക്രമ നമ്പർ 6-ന് നിർമ്മാണ തൊഴിലാളി സെസ്സ് അടവാക്കുന്നതിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നല്കിയിട്ടുണ്ടെന്നും ക്രമനമ്പർ 1,2,3,4,5,8,10,12,13,14 എന്നിവർക്ക് അപാകത പരിഹരിക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്നും അപാകത പരിഹരിച്ച് പുനർസമർപ്പിക്കാത്തപക്ഷം UA നമ്പർ നൽകി മൂന്നിരട്ടി വസ്തുനികുതി ഈടാക്കുന്നതിനോ, കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്. തുടർ നടപടി അവശേഷിക്കുന്നവരുടെ കെട്ടിടം ക്രമവത്കരണവുമായി ബന്ധപ്പെട്ട് പരിശോധന നടത്തി ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-21 കറന്റ് അക്കൗണ്ടിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കുന്നതിനാൽ വരുമാന നഷ്ടം.</u>

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2023 തിയ്യതിയിലെ സർക്കുലർ നമ്പർ എൽ.എസ്.ജി.ഡി./പിഡി/20073/2023-ആർഇവി2 പ്രകാരം BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റിനായി നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ്- കൊമേഴ്ഷ്യൽ ബാങ്കുകളിൽ പ്രത്യേക കറണ്ട് ബാങ്ക് അക്കൗണ്ട് ആരംഭിക്കാം എന്നും ഗ്രാമ പഞ്ചായത്തുകൾ എല്ലാ മാസവും ടി അക്കൗണ്ടിൽ ലഭിച്ച തുക റീകൺസിലിയേഷൻ നടത്തി നിലവിലുള്ള തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫെർ ചെയ്യേണ്ടതാണെന്നും ടി അക്കൗണ്ടുകൾ മറ്റ് ഇടപാടുകൾക്കോ ധന വിനിയോഗങ്ങൾക്കോ യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടില്ലാത്തതുമാണെന്നും വ്യക്തമാക്കിയിട്ടുള്ളതുമാണ്

എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ-67246265041) 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(A), RP-40(B) എന്നിവ പരിശോധിച്ചതിൽ 01.04.24 ന് 2,01,83,513/- രൂപ മുൻബാക്കിയും 31.3.2025 ന് 1,24,55,361/- രൂപ നീക്കിയിരിപ്പും ഉണ്ട് (പാസ് ബുക്ക് ബാലൻസ് യഥാക്രമം 2,01,34,849.86/- രൂപ 1,24,07,986.86/- രൂപ). സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഈ കാലയളവിൽ ശരാശരി 1 കോടി രൂപയിലധികം അക്കൗണ്ടിൽ നീക്കിയിരിപ്പായി നിലനിൽക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച മറ്റൊരു കറന്റ് അക്കൗണ്ട് (അക്കൗണ്ട് നമ്പർ-38065144877- ലൈഫ് മിഷൻ ആവശ്യത്തിനുള്ളത്) 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(A), RP-40(B) എന്നിവ പരിശോധിച്ചതിൽ 01.04.24 ന് 8,00,000/- രൂപ മുൻബാക്കിയും 31.3.2025 ന് 10,00,000/- രൂപ നീക്കിയിരിപ്പും ഉണ്ട് (പാസ് ബുക്ക് ബാലൻസ് യഥാക്രമം 8,00,000/- രൂപ , 10,00,000/- രൂപ). സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഈ കാലയളവിൽ ശരാശരി 10 ലക്ഷം രൂപ വരെ അക്കൗണ്ടിൽ നീക്കിയിരിപ്പായി നിലനിൽക്കുന്നുണ്ട്.
കൂടാതെ ഗ്രാമ പഞ്ചായത്ത് സൗത്ത് ഇന്ത്യൻ ബാങ്കിൽ ആരംഭിച്ച കറന്റ് അക്കൗണ്ട് (അക്കൗണ്ട് നമ്പർ-0479073000000619) 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(A), RP-40(B) എന്നിവ പരിശോധിച്ചതിൽ 01.04.24 ന് 7,69,173/- രൂപ മുൻബാക്കിയും 31.3.2025 ന് 8,13,799/- രൂപ നീക്കിയിരിപ്പും ഉണ്ട് (പാസ് ബുക്ക് ബാലൻസ് യഥാക്രമം 769173/- രൂപ , 813799.34/- രൂപ). സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഈ കാലയളവിൽ ശരാശരി 8 ലക്ഷം രൂപ വരെ അക്കൗണ്ടിൽ നീക്കിയിരിപ്പായി നിലനിൽക്കുന്നുണ്ട്. ഈ അക്കൗണ്ട് ആരംഭിച്ചത് എന്തു ആവശ്യത്തിനാണെന്നും, 1996ലെ കേ. പ.രാ. (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും ) ചട്ടങ്ങളിലെ ചട്ടം 3ന് വിരുദ്ധമായി സ്വകാര്യ ബാങ്കിൽ, പലിശ ലഭിക്കാത്ത കറന്റ് അക്കൗണ്ട് തുടങ്ങിയത് എന്തിനാണെന്നും വ്യക്തമാക്കേണ്ടതാണ്.

കറന്റ് അക്കൗണ്ടുകളിൽ അക്കൗണ്ട് നിലനിർത്തുന്നതിന് വേണ്ട ഒരു നിശ്ചിത തുക നിലനിർത്തിയ ശേഷം ബാക്കി തുക പലിശ ലഭിക്കുന്ന എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നെങ്കിൽ പലിശ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാനം ലഭിക്കുമായിരുന്നു.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2023 തിയ്യതിയിലെ സർക്കുലർ നിർദ്ദേശത്തിനു വിരുദ്ധമായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നതിനും, ചട്ടത്തിൽ പറയുന്ന വിഭാഗത്തിലുള്ള ബാങ്കുകളിൽ പഞ്ചായത്തിനു അക്കൗണ്ടുകൾ ഉണ്ടായിരിക്കേ, ചട്ടവിരുദ്ധമായി സ്വകാര്യ ബാങ്കിൽ അക്കൗണ്ട്

ആരംഭിച്ചതിനും വിശദീകരണം ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 26/ 2024-25, 01.09.2025) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ - അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 150/25 |
| പ്രൊജക്റ്റിന്റെ പേര് | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ - അപാകതകൾ. |
| അടങ്കൽ തുക | 2500000/- രൂപ (പൊതു വിഭാഗം സാധാരണ വിഹിതം)<br>750000/- (ബ്ലോക്ക് പഞ്ചായത്ത്)<br>350000/- (ജില്ലാ പഞ്ചായത്ത് )<br>ആകെ- 3600000/- |
| വിനിയോഗിച്ച തുക | 3298200/- രൂപ. |
| ബിൽ നമ്പർ / തിയ്യതി | 24150952022401046097/17.12.2024 – 1980000/-രൂപ. |
| | 24150952022401578866/18.03.2025 – 180000/-രൂപ. |
| | 24150952022401623997/21.03.2025 – 45000/-രൂപ. |
| | 24150952022401110030/30.12.2024 – 264000/-രൂപ. |
| | 24150952022401110031/30.12.2024 – 235000/-രൂപ. |
| | 24150952022401433281/06.03.2025 – 72000/-രൂപ. |
| | 24150952022401720902/26.03.2025 – 12000/- രൂപ. |
| | 24150952022401219897/21.01.2025 To 24.01.2025 – 251000/-രൂപ. |
| | 24150952022401588494/19.03.2025 – 259200/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). 2024-25 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022 ഖണ്ഡിക 7.1.6 പട്ടികകൾ പ്രകാരം ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിട്ടുള്ള തുകകളിൽ നിന്നും അധികരിച്ച് വിദ്യാർത്ഥിക്ക് അവരുടെ അക്കൗണ്ടിലേക്ക് സ്കോളർഷിപ്പ് തുക അനുവദിച്ചിട്ടുണ്ടെന്ന് കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര്, പഠിക്കുന്ന സ്ഥാപനം, ക്ലാസ്, ബാങ്ക് അക്കൗണ്ട്. | ഭിന്നശേഷി സ്വഭാവം, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് വിവരം | അനുവദിക്കാവുന്ന തുക | അനുവദിച്ച ബിൽ, തുക (മുകളിലെ പട്ടികയിലെ ക്രമനം (അനുവദിച്ച തുക) എന്ന ക്രമത്തിൽ) | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | കുമാരി പ്രീതു .ടി, എം.ഇ.എസ്, മമ്പാട് കോളേജ്, എം കോം (3rd സെമസ്റ്റർ). A/C നമ്പർ- 67304519796/SBIN0070454 | ലോക്കോമോട്ടോർ ഡിസബിലിറ്റി. 45% നം. MB/58/16/ 26.11.16 – MB Manjeri | 17500/- | ക്രമ നം. 1 Rs. 27500, 6 Rs. 1000, ആകെ 28500/- രൂപ അനുവദിച്ചു. | 11000/- |

അധികം നൽകിയ 11,000/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

2). ഉല്ലാസ യാത്രാ പഠന പര്യടനം മുതലായവയ്ക്കുള്ള ബത്തയായി 1,000/- രൂപ നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വൗച്ചർ വാങ്ങി സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 25/ 2024-25, 01.09.2025) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലേക്ക് മുൻകൂറായി തുക അടവാക്കൽ - വിനിയോഗ / പൂർത്തീകരണ വിവരം ലഭ്യമായില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ. | : | 440/25 |
| പേര്. | : | എം.സി.എഫിലേക്ക് കുഴൽ കിണർ നിർമ്മാണം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി. |
| അടങ്കൽ തുക (₹) | : | 50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് (₹) | : | 33,133/- |
| വൗച്ചർ നമ്പർ / തീയതി. | : | XVFC/2024-25/P/118 തീയതി.24.03.2025 - 33,133/- രൂപ. |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'എം.സി.എഫിലേക്ക് കുഴൽ കിണർ നിർമ്മാണം' എന്ന പദ്ധതിക്ക് വേണ്ടി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ജില്ലാ ഓഫീസറുടെ പേരിൽ 33,133/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 22/29.08.2025) വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടപ്പോൾ, മേൽ പദ്ധതിക്ക് 40,547/- രൂപ ചെലവായിട്ടുണ്ടെന്നും ബാക്കി 7,414/- രൂപ കൂടി അടവാക്കണമെന്ന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, മേൽ തുക അടവാക്കുന്നതിലേക്കായി ടി പദ്ധതി 2025-26 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുകയായ 33,133/- രൂപ തടസ്സം ചെയ്യുന്നു.

## 1-24 എം.സി.എഫിലേക്ക് ത്രീ ഫേസ് കണക്ഷൻ - കെ എസ് ഇ ബി യിൽ തുക മുൻകൂർ നിക്ഷേപിച്ചു - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമായില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ. | : | 360/25 |
| പദ്ധതിയുടെ പേര്. | : | എം.സി.എഫിലേക്ക് ത്രീ ഫേസ് കണക്ഷൻ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി. |
| അടങ്കൽ തുക (₹) | : | 2,00,000/- (തനത് ഫണ്ട്). |
| ചെലവ് (₹) | : | 1,53,798/- |
| വൗച്ചർ നമ്പർ / തീയതി. | : | 22400902 തീയതി.19.03.2025 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എം.സി.എഫിലേക്ക് ത്രീ ഫേസ് കണക്ഷൻ എന്ന പദ്ധതിക്ക് വേണ്ടി 1,53,798/- രൂപ കെ.എസ്.ഇ.ബി മഞ്ചേരി സൗത്ത് ഇലക്ട്രിക്കൽ സെക്ഷന് മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 21/29.08.2025) എം.സി.എഫിൽ ത്രീഫേസ് കണക്ഷൻ ലഭ്യമായിട്ടുണ്ടെന്നും, വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി ക്ക് കത്തു നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുകയായ 1,53,798/- രൂപ തടസ്സം ചെയ്യുന്നു.

## 1-25 എസ്.എസ്.കെ വിഹിതം നൽകൽ - മാർഗ്ഗ രേഖ നിർദ്ദേശിക്കും പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ. | 5/25 | 6/25 |
| പ്രൊജക്ടിന്റെ പേര്. | എസ്.എസ്.കെ വിഹിതം നൽകൽ ജനറൽ. | എസ്.എസ്.കെ വിഹിതം നൽകൽ എസ്.സി. |
| അടങ്കൽ തുക. | 3,00,000/- രൂപ. (വികസന ഫണ്ട് - ജനറൽ) | 2,00,000/- രൂപ (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവഴിച്ച തുക. | 3,00,000/- രൂപ. | 2,00,000/- രൂപ. |
| ബിൽ നമ്പർ / തീയതി. | 2415095201100053833 0/13.08.2024 | 241509520110005383 28/13.08.2024 |
| | | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | സെക്രട്ടറി. |

മേൽ പദ്ധതികൾ പ്രകാരം 5,00,000/- രൂപ എസ്.എസ്.കെ വിഹിതം ഇനത്തിൽ സമഗ്ര ശിക്ഷാ കേരള സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

എസ്.എസ്.കെ പ്രൊജക്ട് നടപ്പിലാക്കുന്നത് എങ്ങനെയായിരിക്കണം എന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ (GO(MS) 84/2022/LSGD Dt: 19.04.2022) വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസക്തമായവ താഴെ ചേർക്കുന്നു.

1). എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ( ഖണ്ഡിക 8.6.3)

2). തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സാക്ഷ്യപത്രം (Utilization Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം. (ഖണ്ഡിക 8.6.4)

പദ്ധതിയുടെ നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

. പദ്ധതി തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.

. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടില്ല.

. വികസന പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

. മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ള വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

ഫയലിൽ സൂക്ഷിച്ചിട്ടുള്ള 15.04.2025 ലെ A-1649/25/SSK നമ്പർ വിനിയോഗ സാക്ഷ്യപത്രം മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ളതല്ല. സമഗ്ര ശിക്ഷ കേരള നടപ്പിലാക്കുന്ന പദ്ധതികളുടെ മുഴുവൻ തുകയും സ്കൂളുകൾക്ക് നേരിട്ടല്ല കൈമാറുന്നത് എന്നതിനാൽ സ്കൂളുകൾ തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം തയ്യാറാക്കുന്നത് പ്രായോഗികമല്ല എന്നുള്ള വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം ജില്ലാ പ്രൊജക്ട് ഓഫീസർ നൽകിയിട്ടുള്ള വിശദീകരണം ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിനിയോഗ സാക്ഷ്യപത്രം തയ്യാറാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുവെങ്കിൽ ആയത് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി ആവശ്യമായ പരിഹാരനടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 20/29.08.2025), മാർഗരേഖ നിഷ്കർഷിക്കും പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് സമഗ്ര ശിക്ഷാ കേരളത്തിന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുകയായ 5,00,000/- തടസ്സം ചെയ്യുന്നു.

## 1-26 ഗവ.എൽ.പി, യു.പി സ്കൂളുകളിൽ സൗണ്ട് സിസ്റ്റം, മൈക്ക് സെറ്റ് എന്നിവ ഒരുക്കൽ - ജി.എസ്.ടി യുടെ TDS ചെയ്തില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ. | 194/25 |
| പ്രൊജക്ടിന്റെ പേര്. | ഗവ.എൽ.പി, യു.പി സ്കൂളുകളിൽ സൗണ്ട് സിസ്റ്റം, മൈക്ക് സെറ്റ് എന്നിവ ഒരുക്കൽ. |
| അടങ്കൽ തുക. | 2,12,700/- രൂപ (വികസന ഫണ്ട് - ജനറൽ). |
| ചെലവഴിച്ച തുക. | 2,12,700/- രൂപ. |
| വൗച്ചർ നമ്പർ/ തീയതി. | 22401053/12.02.2025 - 20,000/- രൂപ.<br>22401085/20.02.2025 - 10,000/- രൂപ. (XVFC/24-25/P/73 Dt:13.02.2025)<br>22401179/07.03.2025 - 18,000/- രൂപ. |
| | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | ഹെഡ്മാസ്റ്റർ. |

2023-24 സാമ്പത്തിക വർഷത്തിലെ പ്രൊജക്റ്റ് നമ്പർ.194/24 ന്റെ സ്പിൽ ഓവർ പ്രൊജക്റ്റായാണ് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടിൽ നിന്നും 97,300/- രൂപയും (വൗച്ചർ നമ്പർ.22301153/26.03.2024), 2024-25 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ടിൽ നിന്നും 2,12,700/- രൂപയും ഈ പദ്ധതിക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകത സംഭവിച്ചിട്ടുണ്ട്.

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 ന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 01.10.2018 പ്രാബല്യത്തിൽ 2% ജി.എസ്.ടി TDS നടത്തേണ്ടതാണ്. നികുതി ബാധകമായ ഇനങ്ങളുടെ നികുതി കിഴിച്ചുള്ള വിലയുടെ 2%ആണ് TDS നടത്തി നികുതി വകുപ്പിന് ഒടുക്കേണ്ടത്. എന്നാൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരമുള്ള വാങ്ങലിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ/തിയ്യതി. | ഇൻവോയിസ് നമ്പർ / തിയ്യതി. | തുക (5% GST ഉൾപ്പെടെ). | ഈടാക്കേണ്ടിയിരുന്ന ടി.ഡി.എസ്. |
|---|---|---|---|
| 2415095202170014322８/09.05.2024 | 90/15.03.2024 | 3,10,000/- രൂപ. | 6,200/- രൂപ. |

ജി.എസ്.ടി യിന്മേൽ ടി.ഡി.എസ് നടത്താതെ പേയ്മെന്റ് നടത്തിയതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.11/26.08.2025) സ്ഥാപനം ജി.എസ്.ടി പൂർണ്ണമായും അടവാക്കിയിട്ടുണ്ടെന്ന് സാക്ഷ്യപത്രം നൽകിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, ജി.എസ്.ടിയിന്മേലുള്ള ടി.ഡി.എസ് ഉറവിടത്തിൽ നിന്ന് തന്നെ കുറവ് ചെയ്ത് അടവാക്കേണ്ടതുമാണ്.

## 1-27 ആർട്ട്കോ മുഖേന ഫർണ്ണീച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ. | 144/25 |
| പ്രൊജക്റ്റിന്റെ പേര്. | പുതിയ ആശുപത്രി കെട്ടിടത്തിലേക്ക് അനുബന്ധ പശ്ചാത്തല സൗകര്യമൊരുക്കൽ. |
| അടങ്കൽ തുക. | 2,00,000/- രൂപ (തനത്ഫണ്ട്). |
| ചെലവഴിച്ച തുക. | 1,93,299/- രൂപ. |
| വൗച്ചർ നമ്പർ/ തീയതി. | 22401201/15.03.2025 - 93,162/- രൂപ.<br>22401207/15.03.2025 – 1,00,137/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | മെഡിക്കൽ ഓഫീസർ. |

കേരള സ്റ്റോർ പർച്ചേസ് മാനുവൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2024-25 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി 07.03.2024 തീയതിയിലെ സ.ഉ(സാധാ)നം.30/2024/SPD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ARTCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ ARTCO യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതും ARTCO സ്വയം നിർമ്മിച്ചതുമായ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ARTCO ഉല്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നതിന് അനുവാദമുള്ളത്. അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ സംഭരണം നടത്താവൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 1,93,299/- രൂപയുടെ വാങ്ങലുകൾ നടത്തിയതിൽ താഴെ പറയുന്ന ഇനങ്ങൾ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടവയല്ല.

| ക്രമ നമ്പർ. | സാധനം. | നിരക്ക്. | എണ്ണം. | നികുതി ഉൾപ്പെടെ |
|---|---|---|---|---|

| | | | | ആകെ വില. |
|---|---|---|---|---|
| 1 | FK VO2 – Office Almirah With 6.5 Feet Height With 4 Panel To 5 Panel With Glass Door Heavy Duty. | 25784.00 | 1 | 25784.00 |
| 2 | FK VO3 – Air Port Chair/3 Seater With Fully Powder Coat Grey Colour Finishing With Heavy Duty. | 11210.00 | 3 | 33630.00 |
| 3 | FK VO4 – Table With Dimension Rigid Wooden Table Length 170cm X 100cm X 75 Cm With Top With Particle Board Thickness With Storage Space Heavy Duty With 180kg Support Capacity Provision For One Destop Bottom Can BU Used As Storage Space Heavy Duty. | 33748.00 | 1 | 33748.00 |
| 4 | KIUT – Mini Size Table 2 X 1.5 | 14160.00 | 1 | 14160.00 |
| Total. | | | 6 | 107322.00 |

മേൽ പരാമർശിക്കപ്പെട്ട സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങിയതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.18/29.08.2025), വകയിരുത്തിയ ഫണ്ട് മാർച്ച് 31 നുള്ളിൽ ചെലവഴിക്കേണ്ടതിനാലും ടെണ്ടർ നടപടിതകളുമായി മുന്നോട്ട് പോകാൻ സമയമില്ലാത്തതിനാലും പ്രൈസ് ലിസ്റ്റിനെ കുറിച്ച് അറിവില്ലായ്മ മൂലവും ഒരു സർക്കാർ എന്ന ഉപകരണങ്ങൾ വാങ്ങുമ്പോൾ ഗവ.ഉത്തരവുകൾ/പ്രൈസ് ലിസ്റ്റ് പ്രകാരമായിരിക്കും വാങ്ങലുകൾ നടത്തുക എന്നും മറുപടി ലഭ്യമാക്കി. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് മാത്രം വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി- വാഹന വാടകയിന്മേൽ ആദായ നികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര്. | 136/25 – പരിരക്ഷ പദ്ധതി. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| അടങ്കൽ തുക. | 6,00,000/- രൂപ (വികസന ഫണ്ട് - ജനറൽ) |
| വിനിയോഗിച്ച തുക. | 5,99,004/- രൂപ. |

പാലിയേറ്റീവ് പ്രോജക്ടിന്റെ ഭാഗമായി ഗൃഹസന്ദർശനം നടത്തുന്നതിനായി കരാർ പ്രകാരം ദിവസം 1,200/- രൂപ നിരക്കിൽ ഓഡിറ്റ് വർഷത്തിൽ ആകെ 2,60,800/- രൂപ ശ്രീ.അലി അസ്കർ പൂവത്തി, സൗത്ത് പുത്തലം, അരീക്കോട് - KL 10 U 5103 എന്നവർക്ക് നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് 30,000 രൂപയ്ക്കു മേൽ നൽകുന്ന തുകകൾക്കും ഒരു സാമ്പത്തിക വർഷം ഒരു ലക്ഷം രൂപയ്ക്ക് മേൽ നൽകുന്ന തുകകൾക്കും ടി.ഡി.എസ് പിടിക്കേണ്ടതാണ്. വ്യക്തികളുടെ PAN ന്റെ അടിസ്ഥാനത്തിലാണ് തുക നൽകുന്നതെങ്കിൽ 1% വും സ്ഥാപനത്തിന്റെ PAN ന്റെ അടിസ്ഥാനത്തിലാണ് തുക നൽകുന്നതെങ്കിൽ 2% വും ടി.ഡി.എസ് പിടിച്ച് ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതും Quarterly Filing ചെയ്യേണ്ടതുമാണ്. എന്നാൽ മെഡിക്കൽ ഓഫീസർ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ. | ബിൽ നമ്പർ / തീയ്യതി. | വാഹന വാടക നൽകിയത്. | ഈടാക്കേണ്ടിയിരുന്ന ആദായനികുതി. |
|---|---|---|---|
| 1 | 24150952021801348374/19.02.2025 | 48000 | 2,60,800 X 1% = 2,608/- രൂപ. |
| 2 | 24150952021801220657/20.01.2025 | 24000 | |
| 3 | 24150952021800902013/14.11.2024 | 25200 | |
| 4 | 24150952021800858784/04.11.2024 | 118800 | |
| 5 | 24150952021800356921/03.07.2024 | 44800 | |
| ആകെ. | | 260800 | 2,608/- രൂപ. |

കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.19/29.08.2025), 2024-25 സാമ്പത്തിക വർഷത്തിൽ ആദായനികുതി ഈടാക്കിയിട്ടില്ലെന്നും 2025-26 സാമ്പത്തിക വർഷത്തിൽ വ്യക്തികളിൽ നിന്ന് 1% വും സ്ഥാപനങ്ങളിൽ നിന്ന് 2% വും ആദായനികുതി ഈടാക്കി വരുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി. ആദായനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-29 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | | |
|---|---|---|
| പദ്ധതി നമ്പർ. | : | 327/25 |
| പേര്. | : | സ്ട്രീറ്റ് ലൈറ്റ് LED യിലേക്ക് മാറ്റൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി. |
| അടങ്കൽ തുക (₹) | : | 9,51,362/- (തനത് ഫണ്ട്). |
| ചെലവ് (₹) | : | 8,63,312/- |
| വൗച്ചർ നമ്പർ / തീയതി. | : | 22401288 തീയതി.25.03.2025 |

2023-24 സാമ്പത്തിക വർഷത്തിലെ പ്രൊജക്ട് നമ്പർ.202/24 ന്റെ സ്പിൽ ഓവർ പ്രൊജക്ടായാണ് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 18 W LED ബൾബ് 769 എണ്ണം വാങ്ങി സ്ഥാപിച്ചതിന് 18,63,312/- രൂപയുടെ ഇൻവോയിസ് (KREWS/D09/23-24) KREWS ലഭ്യമാക്കിയതിന്റെയടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടിൽ നിന്നും ബാക്കി 8,63,312/- രൂപയും ഈ പദ്ധതിക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്.

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് ലൈറ്റ് LED യിലേക്ക് മാറ്റൽ എന്ന പദ്ധതി പ്രകാരം, തെരുവ് വിളക്കുകൾക്കാവശ്യമായ ബൾബുകളും ഇലക്ട്രിക് ഉപകരണങ്ങളും വിതരണം ചെയ്ത വകയിൽ ക്രൂസിന് തുക അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1). പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/15,തീ.17.08.15 തെരുവുവിളക്ക് പരിപാലന പൊതു മാർഗ്ഗരേഖ അനുസരിച്ച്, തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും സ്റ്റോക്കിന്റെ കൃത്യത ബോധ്യപ്പെട്ട് വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In Register ഉം Stock Out Register ഉം റികൺസൈൽ ചെയ്ത് ആയതിന്റെ കൃത്യത സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്. ഇത്തരം നടപടികൾ പാലിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2). തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന തെരുവു വിളക്കുകൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ഇല്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ ആകെ തെരുവ് വിളക്കുകളുടെ എണ്ണം വാർഡ്, ഇനം തിരിച്ച് (ഹൈമാസ്റ്റ്, മിനിമാസ്റ്റ് ഉൾപ്പെടെ) പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. അയത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3). വാർഡ് മെമ്പർ ചെയർമാനായുള്ള വാർഡ്തല മോണിറ്ററിംഗ് സമിതികൾ തെരുവ് വിളക്ക് പരിപാലനം മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ. 28/01.09.2025 –മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-30 "VEELS" വെബ്സൈറ്റിൽ വാഹനങ്ങളുടെ ചെലവ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടില്ല.

ധനകാര്യ (ഐ.ടി സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" –എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇത് പ്രകാരം 08/2023 ന് വാഹനത്തിന്റെയും ഡ്രൈവറുടെയും വിവരം നൽകിയിട്ടുണ്ടെങ്കിലും സർക്കുലർ പ്രകാരമുള്ള മറ്റു നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. അപാകതക്ക് കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.27/01.09.2025 - മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-31 സോക്ക് പിറ്റ് നിർമ്മാണം - മണ്ണ് നീക്കം ചെയ്തതിന് തെറ്റായ നിരക്ക് നൽകി

| | |
|---|---|
| പ്രോജക്റ്റ് നം. | 235/25, ശുചിപൂർണ്ണ- സർക്കാർ സ്ഥാപനങ്ങളിൽ സോക് പിറ്റ് |
| കരാർ നം., കരാർ തുക | AE/30/24-25/LSDG/KVR/09.12.2024, 8,72,193/- |
| T S നം., തുക | 88995/2023/02.03.2024, 1060000/-<br>DsoR 2018 (36.44% Cost Index), EMBOOK |
| അടങ്കൽ/ ഫണ്ട് | 2490000 (150000 CFC + 1743000ശുചിത്വ മിഷൻ ഫണ്ട്+597000 തനത്ഫണ്ട്) |
| ചെലവ്/ വൗച്ചർ | 135000 CFC<br>22401355/29.03.2025 |
| കരാറുകാരൻ | അബൂബക്കർ.കെ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ മേൽ പ്രവൃത്തിയിൽ താഴെ പറയുന്ന അപാകത വന്നിട്ടുണ്ട്. കാണുന്നു.

പ്രവൃത്തിയുടെ ഭാഗമായി ഇനം.1 പ്രകാരം സോക്ക് പിറ്റിന് കുഴിയെടുക്കുന്നതിന് 93.482 $M^3$ മണ്ണ് നീക്കം ചെയ്തിട്ടുണ്ട് (9 സ്ഥാപനങ്ങളിലായി). ആയതിന് Spec Code 2.8.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. മണ്ണ് നീക്കം ചെയ്തതിന്റെ വീതി 1.5 മീറ്ററിനേക്കാൾ കൂടുതൽ ആയതിനാൽ Spec Code 2.6.1 പ്രകാരമുള്ള നിരക്കാണ് അനുവദിനീയമായത്. മണ്ണ് നീക്കം ചെയ്തതിന് തെറ്റായ നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ് വന്നതായി കാണുന്നു.

| അനുവദിച്ച തുക (Spec Code 2.8.1 പ്രകാരം 298.84/$M^3$ | അനുവദിക്കാവുന്ന തുക (Spec Code 2.6.1 പ്രകാരം 215.37/$M^3$ | അധികം |
|---|---|---|
| 27296.74<br>(93.482x292)<br>ടെണ്ടർ അംഗീകരിച്ച നിരക്ക് 292/M3 | 20133.21<br>(93.482x215.37) | 7163.53 + 18% GST |

10 അംഗൻവാടികളിലും 13 സ്കൂളുകളിലും സോക് പിറ്റ് നിർമ്മിക്കുന്നതിനായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ 9 സ്ഥാപനങ്ങളിൽ സോക്ക് പിറ്റ് നിർമ്മാണം പൂർത്തീകരിച്ച് മേൽ പ്രകാരം മൂല്യ നിർണ്ണയം നടത്തി 452515/-രൂപയുടെ പാർട്ട് ബിൽ തയ്യാറാക്കി അംഗീകരിക്കുയും 135000/-രൂപ തൻവർഷം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

എസ്റ്റിമേറ്റിൽ വന്ന പാകപിഴയാണെന്നും പാർട്ട് ബില്ലിൽ അധികം അനുവദിച്ച തുക ഫൈനൽ ബില്ലിൽ ഈടാക്കുന്നതാണെന്നും, പദ്ധതിയിൽ അവശേഷിക്കുന്ന വർക്കുകളിൽ അനുവദനീയമായ നിരക്ക് അനുവദിച്ച് ബിൽ നൽകുന്നതാണെന്നും പ്രസ്തുത വിവരം അറിയിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.15/24-25/27.08.25) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹിക്കേണ്ടതും മേൽ പറഞ്ഞതിലുള്ള തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-32 അസിസ്റ്റന്റ് എഞ്ചിനീയറുടെ TSB അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടവാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അരീക്കോട് സബ് ട്രഷറിയിൽ ഉള്ള 799011400002439 നമ്പർ അക്കൗണ്ടിൽ 31.03.2025 ന് 2,20,666/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനിയറുടെ 2024-25 കാഷ്ബുക്കിൽ നീക്കിയിരുപ്പിന്റെ വിവരം കാണിച്ചിട്ടില്ല. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെട്ടുന്ന തുക, IT, GST അടവാക്കാനുള്ളത് എന്നീ തുകകളാണ് അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ വരവ് വരുന്നത് എന്നതിനാൽ എഞ്ചിനിയറുടെ അക്കൗണ്ടിൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക അർഹരായ ആളുകൾക്ക്/വകുപ്പുകൾക്ക് നൽകുകയോ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് അടവാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത തുക മുൻ വർഷങ്ങളിലുള്ളതാണെന്ന് കാണുന്നു.

പ്രസ്തുത തുക 2017-18 മുതൽ ചെലവഴിക്കാതെ അവശേഷിക്കുന്നതാണെന്നും, ഇതിൽ കരാറുകാർക്ക് നൽകാനുള്ള വർക്ക് തുക ഇല്ലെന്നും ഏതെല്ലാം ഇനങ്ങളിലുള്ള നീക്കിയിരിപ്പാണെന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.24/24-25/30.08.25) അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ ടി.എസ്.ബി അക്കൗണ്ടിൽ വർഷങ്ങളായി ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയതിനുള്ള അക്കൗണ്ട് വിവരം നൽകേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-33-1 മരാമത്ത് പ്രവൃത്തികളിൽ ഈടാക്കേണ്ട പിഴ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കി

സമയബന്ധിതമായി പൂർത്തിയാക്കാതിരിക്കുകയും ആയതിന് നിയമാനുസൃത പിഴ ഈടാക്കാതിരിക്കുകയും ചെയ്ത താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ ഈടാക്കേണ്ട തുകകൾ ഓഡിറ്റ് എൻക്വയറി (നം.23/24-25/29.08.25) നൽകിയതിനെ തുടർന്ന് തിരിച്ചടവാക്കി.

| ക്രമ നം. | പ്രവൃത്തി | തിരിച്ചടവാക്കിയ തുക (₹) | രസീത് നമ്പർ/ തീയതി |
|---|---|---|---|
| 1 | 260/25, വാക്കാലൂർ സബ്സെന്റർ നവീകരണം (So) | 14896 | R-G100502-25002497/02.09.2025 |
| 2 | 283/25, ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ (So) | 23912 | R-G100502-25002504/02.09.2025 |
| 3 | ഇല്ലിയേംകണ്ടി കോതമംഗലം റോഡ് സൈഡ് കെട്ട് (So) | 3539 | R-G100502-25002502/02.09.2025 |
| 4 | 250/25, തേനീരിക്കുന്ന് എടവണ്ണൂർ റോഡ് റീടാറിംഗ് (So) | 6446 | R-G100502-25002494/02.09.2025 |
| 5 | 244/25, പണംപട്ടച്ചാൽ തേനീരി റോഡ് റീടാറിംഗ് (So) | 8559 | R-G100502-25002492/02.09.2025 |
| 6 | 221/25, പാറേച്ചാൽ പള്ളിപ്പടി റോഡ് റീടാറിംഗ് (So) | 10053 | R-G100502-25002489/02.09.2025 |
| 7 | 301/25, കുണ്ടൂസ് എ.കെ കോളനി റോഡ് റീടാറിംഗ് (So) | 11714 | R-G100502-25002486/02.09.2025 |
| 8 | 223/25, അണ്ടിക്കെട്ടിച്ചാൽ പെരിങ്ങോട് റോഡ് റീടാറിംഗ് (So) | 20541 | R-G100502-25002483/02.09.2025 |
| 9 | 226/25, ഓട്ടുകമ്പനി ചെമ്പനി വട്ടപ്പറമ്പ് റോഡ് പുനരുദ്ധാരണം രണ്ടാം ഘട്ടം | 19711 | R-G100502-25002530/02.09.2025 |
| | ആകെ | 1,19,371 | |

മരാമത്ത് പ്രവൃത്തികൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും അല്ലാത്തപക്ഷം നിയമാനുസൃത പിഴ ഈടാക്കി മാത്രം ബിൽ തുക നൽകേണ്ടതുമാണ്.

പല പ്രവൃത്തികളിലും ബിൽ തുക മാറി നൽകുന്ന സമയത്ത് കരാറുകാർക്ക് സമയം നീട്ടി നൽകുന്നതിനായി നിയമാനുസൃതമല്ലാതെ സമയം അനുവദിക്കുന്നതായും സാമ്പത്തിക വർഷാവസാനം വരെ കാലാവധി നീട്ടി നൽകുന്നതായും കാണുന്നു. ഇത്തരം പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-33 കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയില്ല

2024-25 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ/നിയമപരമായ കാരണം കൊണ്ടല്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

**1)** GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. പരമാവധി അനുവദിക്കാവുന്നത് കരാർ കാലാവധിയുടെ പകുതിയുമാണ്.

**(B)** കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല.

**(C)** വിശദീകരണമായി പുറപ്പെടുവിച്ച, തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. ആയത് പ്രകാരം ഈടാക്കേണ്ട പിഴയുടെ വിവരം താഴെ കൊടുക്കുന്നു. മേൽ നിബന്ധനകൾ എഗ്രിമെന്റുകളിൽ വ്യവസ്ഥ ചെയ്യിട്ടുമുണ്ട്.

പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിനു കരാറുകാരൻ കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷ സമർപ്പിക്കാത്തതും മേൽ വ്യവസ്ഥകൾ പാലിക്കാതെയും പൂർത്തീകരണം വൈകിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 1 | 269/25, വാളാടിക്കുണ്ട് ആനേരിമ്മൽ റോഡ് റീടാറിംഗ് (So)<br>TS–89005/2023/24.01.2024, 800000<br>ചെലവ് തുക- ₹679242 (MGNR)<br>241509520223011119574/03.01.25, 202448<br>241509520223017174 86/26.03.25, 476794<br>കരാറുകാരൻ- കെ.ടി.അബ്ദുൽ സലാം<br>കരാർ-119/AE/LID&EW/KVR/21.02.2024<br>PAC – 594732<br>പൂർത്തീകരണകാലയളവ്- 6മാസം<br>സൈറ്റ് കൈമാറിയ തീയ്യതി- 02.03.2024 | 02.12.2024- 01.03.2025 @ 1% Of PAC = 5947<br>02.03.2025- 22.03.2025 @2% Of PAC = 2775 (21 Days)<br>ആകെ- 8722<br>ഈടാക്കിയത് - 1190<br>കുറവ് - 7532 |

| | | |
|---|---|---|
| | പൂർത്തീകരിക്കേണ്ട തീയ്യതി - 01.09.2024<br>പൂർത്തീകരിച്ച തീയ്യതി- 22.03.2025<br>വൈകിയത് - 6 മാസം 21 ദിവസം.<br>ഈടാക്കിയ പിഴ- 1190<br>06.01.25ലെ 15ാം നമ്പർ ഭരണസമിതി 31.03.25 വരെ നീട്ടി നൽകി.<br>പിഴയില്ലാതെ ദീർഘിപ്പിച്ചു നൽകാവുന്ന പരമാവധി സമയം= 3 മാസം<br>ശേഷമുള്ള 3 മാസം 21 ദിവസത്തിന് പിഴ ഈടാക്കണം | |
| 2 | 224/25, പാലക്കാപുറായ് ചാക്യാരുകുണ്ട് റോഡ് പുനരുദ്ധാരണം (So)<br>TS–82356/2023/20.10.2023, 600000<br>ചെലവ് തുക- ₹517187<br>ബിൽ നം.241509520223013709 27/22.02.25<br>കരാറുകാരൻ- കെ.ടി.അബ്ദുൽ സലാം<br>കരാർ-71/AE/LID&EW/KVR/18.12.2023<br>PAC – 438295<br>പൂർത്തീകരണകാലയളവ്- 6മാസം<br>സൈറ്റ് കൈമാറിയ തീയ്യതി- 28.12.2023<br>പൂർത്തീകരിക്കേണ്ട തീയ്യതി -27.06.2024<br>പൂർത്തീകരിച്ച തീയ്യതി- 28.01.2025<br>ഈടാക്കിയ പിഴ- 877<br>വൈകിയത് - 7മാസം | 28.06.2024- 27.09.2024 @ 1% Of PAC = 4382<br>28.09.2024- 28.01.2025 @2% Of PAC =11977 (123 Days)<br>ആകെ- 16359<br>ഈടാക്കിയത് - 877<br>കുറവ് - 15482 |

മേൽ പ്രവൃത്തികളിലെ കരാറുകാർക്ക് കത്ത് നൽകുകയും പിഴ അടവാക്കുന്ന മുറക്ക് അറിയിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക (നം.23/24-25/29.08.25) മറുപടിയായി അറിയിച്ചിട്ടുണ്ട്. പിഴ ഇനത്തിൽ ഈടാക്കാനുള്ള 23014/- ഈടാക്കി അടവാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന.

കാവനൂർ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1). മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ).

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ). | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക. | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക. | റിമാർക്ക്. |
|---|---|---|---|---|
| 19 | 80000 | 80000 | 0 | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2). മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

3). മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4). മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി. |
|---|---|---|
| 2024-25 | 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 180000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും (150/25) | 180000 | |
| | 7179 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (12/25) | 7179 | |
| | 22251 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (315/25) | 22251 | |
| ബ്ലോക്ക്പഞ്ചായത്ത് | 750000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും (150/25) | 750000 | |
| | 800000 | ലൈഫ് ഭവന നിർമാണം എസ് | 800000 | |

| | | | | |
|---|---|---|---|---|
| | | സി ( 24/25) | | |
| | 468329 | ലൈഫ് ഭവന നിർമാണം എസ് സി ( 190/25) | 468329 | |
| | 131747 | ലൈഫ് ഭവന നിർമാണം ജനറൽ ( 21/25) | 131747 | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കൽ | 240061/ 01.02.2025 240084/ 22.03.2025 | 62199 | 62199 | പൂർത്തീകരിച്ചു. | 0 |
| | എം സി എഫ്-ലേക്ക് ത്രീ ഫേസ് കണക്ഷൻ | 240081/ 19.03.2025 | 153798 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 153798 |
| KWA | എം സി എഫ്-ലേക്ക് കുഴൽ കിണർ | 22401282/ 05.03.2025 | 33133 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 33133 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-6 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | KURDFC - LOAN | ലഭ്യമല്ല | 4383130 | 31450599 | 2756902 | | 33076827 |

## 4-7 സ്ഥിര നിക്ഷേപം

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2023-24 | 1-12(2) | 7650 | എ.വി. മുഹമ്മദ് അഷ്റഫ്, കോൺട്രാക്ടർ | 1241602584/19.12.2024 |
| 2023-24 | 1-12(2) | 5000 | നിധീഷ് പൂളക്കൽ, കോൺട്രാക്ടർ | 1241602681/20.12.2024 |
| 2023-24 | 1-12(2) | 2500 | ബാലകൃഷ്ണൻ വി.പി, കോൺട്രാക്ടർ | 124160308/14.03.2025 |
| 2023-24 | 1-12(2) | 2500 | എ.വി. മുഹമ്മദ് അഷ്റഫ്, കോൺട്രാക്ടർ | 1241606576/20.03.2025 |

| | | | | |
|---|---|---|---|---|
| 2023-24 | 1-12(2) | 2500 | നിധീഷ് പൂളക്കൽ, കോൺട്രാക്ടർ | 1241606601/20.03.2025 |
| 2023-24 | 1-12(2) | 2500 | ജാഫർ കാവുങ്ങൽ | 1241606601/20.03.2025 |
| 2023-24 | 1-12(2) | 2500 | അബ്ദുറഹ്മാൻ കെ | 1241606675/21.03.2025 |
| 2023-24 | 1-12(2) | 2500 | ഫസലുൽ ഹക്ക് എം ഇ | 1241606686/22.03.2025 |
| 2023-24 | 1-12(2) | 2500 | അബൂബക്കർ കരിപ്പലി | 1241606708/22.03.2025 |
| 2023-24 | 1-12(2) | 2500 | മുഹമ്മദ് അലി കെ.കെ | 1241606722/22.03.2025 |
| 2023-24 | 1-12(2) | 2500 | അബ്ദുസലാം പി.സി | 1241606845/27.03.2025 |
| 2023-24 | 1-22 | 5000 | ആശ കമൽ, ASS Secretary | 1241603530/04.01.2025 |
| 2020-21 | 3-1-1 | 17513 | ബിന്ദു ജാസ്മിൻ,AEE | 1241600852/05.07.2024 |
| 2020-21 | 3-1-1 | 17513 | ധന്യ എം എസ്, AE | 1241600853/05.07.2024 |
| | Total | 75176 | | |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2014-15 | 2(4) | 2016-17 | തൊഴിൽ നികുതി റജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല – 1998 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. | തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. | നടപടി തുടർന്ന് വരുന്നു. |
| 2014-15 | 2(5) | 2016-17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചുവടെ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല (1) മുത്തൂറ്റ് മിനി നിധി 2013-14 രണ്ടാം അർദ്ധ വർഷം. (2) മാവേലി സ്റ്റോർ കാവനൂർ രണ്ടാം അർദ്ധ വർഷം. | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | നടപടി തുടർന്ന് വരുന്നു. |
| 2014-15 | 2(6) | 2016-17 | താഴെ പറയുന്ന ജീവനക്കാരുടെ 2014-15 വർഷത്തെ തൊഴിൽ നികുതി കുറവായി ഈടാക്കി. (1) ശ്രീമതി സലീന കിളിയമണ്ണിൽ ( ലാബ് അസിസ്റ്റന്റ് ജി.എച്ച്.എസ്.എസ് കാവനൂർ - 250/- ഒന്നാം അർദ്ധ വർഷം. (2) ശ്രീ.രാജൻ.കെ.കെ. ലാബ് അസിസ്റ്റന്റ് ജി.എച്ച്.എസ്.എസ് കാവനൂർ. 250. ഒന്നാം അർദ്ധ | തൊഴിൽ നികുതി കുറവായി ഈടാക്കി | നടപടി തുടർന്ന് വരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | വർഷം. (3) ശ്രീ.രാജൻ.കെ.കെ. ലാബ് അസിസ്റ്റന്റ് ജി.എച്ച്.എസ്.എസ് കാവനൂർ. 250. രണ്ടാം അർദ്ധ വർഷം | | |
| 2014-15 | 2(7) | 2016-17 | താഴെ പറയുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി, തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (1) മജ്മഅ് ട്രൈനിംഗ് കോളജ്, കാവനൂർ. (2) മജ്മഅ് സെൻട്രൻ സ്കൂൾ കാവനൂർ. (3) സി.എച്ച്.എം.കെ.എച്ച്.എസ്.എസ്. കാവനൂർ. (4) മജ്മഅ് പബ്ലിക് സ്കൂൾ കാവനൂർ. (5) എം.എ.ഒ.എച്ച്.എസ്.എസ്.എളയൂർ. (7) ശിവശക്തി വിദ്യാനികേതൻ കാവനൂർ. (8) മൈസസ് പബ്ലിക് സ്കൂൾ കാവനൂർ. (9) എം.എ.ഒ. ഐ.ടി.ഐ എളയൂർ. | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി, തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | നടപടി തുടർന്ന് വരുന്നു. |
| 2014-15 | 2(9) | 2016-17 | കാവനൂർ ഗ്രാമ പഞ്ചായത്തിൽ അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന മഠത്തിൽ ഓഡിറ്റോറിയത്തിൽ നിന്നും 2013-14 ഒന്ന്, രണ്ട് അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | മഠത്തിൽ ഓഡിറ്റോറിയം സ്ഥാപന നികുതി ഈടാക്കാത്തത് | നടപടി തുടർന്ന് വരുന്നു. |
| 2014-15 | 2(10) | 2016-17 | അൺ എയ്ഡഡ് സ്കൂൾ സ്ഥാപനങ്ങൾ മിനിമം വേതനം ഉത്തരവുകൾക്കനുസൃതമല്ലാത്ത തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നത് മൂലം പഞ്ചായത്തിന് വരുമാനത്തിൽ കുറവ് സംഭവിക്കുന്നു. | നിയമാനുസൃത മല്ലാത്ത തൊഴിൽ നികുതി റിട്ടേണുകൾ - പഞ്ചായത്തിന് വരുമാനം നഷ്ടം സംഭവിക്കുന്നത്. | നടപടി തുടർന്ന് വരുന്നു. |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 102368596 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 104510697 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 686931 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**.

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 33133 | ശ്രീ. ഹരീഷ്.എം പി , സെക്രട്ടറി. |
| 1-24 | 153798 | ശ്രീ. ഹരീഷ്.എം പി , സെക്രട്ടറി. |
| 1-25 | 500000 | ശ്രീ. അനിൽ കുമാർ.ഡി, സെക്രട്ടറി. |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല.

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്.എ.എം.പി.എം9 /1074/2023(1) തിയതി.26.05.23 | 1 |
| 1998-99 | കെ.എസ്.എ.എം.പി.എം9 /1074/2023(3) തിയതി.26.05.23 | 5 |
| 1999-2000 | കെ.എസ്.എ.എം.പി.എം9 /1074/2023(4) തിയതി.26.05.23 | 1 |
| 2000-01 | കെ.എസ്.എ.എം.പി.എം9 /1074/2023(5) തിയതി.26.05.23 | 3 |
| 2001-02 | കെ.എസ്.എ.എം.പി.എം9 /1074/2023(6) തിയതി.26.05.23 | 13 |
| 2002-03 | കെ.എസ്.എ.എം.പി.എം9 /1074/2023(7) തിയതി.26.05.23 | 1 |
| 2005-06 | കെ.എസ്.എ.എം.പി.എം9 /1074/2023(9) തിയതി.26.05.23 | 3 |
| 2006-07 | കെ.എസ്.എ.എം.പി.എം9 /1074/2023(10) തിയതി.26.05.23 | 7 |
| 2007-08 | കെ.എസ്.എ.എം.പി.എം9 /1074/2023(11) തിയതി.26.05.23 | 6 |
| 2008-09 | കെ.എസ്.എ.എം.പി.എം9 /1074/2023(12) തിയതി.26.05.23 | 11 |
| 2009-10 | കെ.എസ്.എ.എം.പി.എം9 /1074/2023(13) തിയതി.26.05.23 | 4 |
| 2010-11 | കെ.എസ്.എ.എം.പി.എം9 /1074/2023(14) തിയതി.26.05.23 | 8 |
| 2011-12, 12-13 | കെ.എസ്.എ.എം.പി.എം. 6/232/15 തിയതി.27-7-2015 | 24 |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം. 6/3277/17 തിയതി.8-3-2018 | 15 |
| 2015-16 | കെ.എസ്.എ.എം.പി.എം9 /1074/2023(15) തിയതി.26.05.23 | 3 |
| 2016-17 | കെ.എസ്.എ.എം.പി.എം. 6/2004/17 തിയതി.31-7-2018 | 16 |
| 2017-18 | കെ.എസ്.എ.എം.പി.എം. 9/1932/18 തിയതി.24-01-2019 | 13 |
| 2018-19 | കെ.എസ്.എ.എം.പി.എം9 /1074/2023(16) തിയതി.26.05.23 | 9 |
| 2019-20 | കെ.എസ്.എ.എം.പി.എം. 9/2260/21 തിയതി.26.02.2022 | 19 |
| 2020-21 | കെ.എസ്.എ.എം.പി.എം. 9/223/2023 തിയതി.11.04.2022 | 10 |

| | | |
|---|---|---|
| 2021-22 | കെ.എസ്.എ.എം.പി.എം. 9/951/23തിയതി.30.05.2023 | 14 |
| 2022-23 | കെ.എസ്.എ.എം.പി.എം. 9/2025/23 തിയതി 27-01-2024 | 51 |
| 2023-24 | കെ.എസ്.എ.എം.പി.എം. 9/2644/24 തിയതി 28-12-2024 | 51 |

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 21-07-2025 and submitted on 26-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kavannur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kavannur Grama Panchayat as on 31-03-2025

**Date: 30/10/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kavannur Grama Panchayat for the Year 2024-2025.

**1.Major Observations**

NIL

**2.Other Observations**

1). The following register is not up to date and are not reliable for auditing.
Asset register (Sachithra)
2). The following mandatory financial statements prescribed in accounting rules are not submitted for auditing.
i). Ratios.
ii). Notes on accounts.
iii). Comparative amounts.
3). Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
4). Bank account balance amount does not match with that of AFS.
5) Rent arrears yet to be collected.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്